# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **2**      **23.01.2018-** ൽ മറുപടിയ്ക്ക്

### ലോക കേരള സഭ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി. വി. അൻവർ**<br>**ശ്രീ. ഇ.പി. ജയരാജൻ**<br>**ശ്രീ.കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീമതി വീണാ ജോർജ്ജ്** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) ലോകമെമ്പാടുമുള്ള കേരളീയരുടെ വേദി എന്ന നിലയിൽ രൂപം നല്കിയിരിക്കുന്ന ലോക കേരള സഭയുടെ പ്രവർത്തനവും ലക്ഷ്യവും പ്രവർത്തന രീതിയും വിശദമാക്കാമോ ; | എ) കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതു വേദിയായി വിഭാവനം ചെയ്ത് കൊണ്ടാണ് ലോക കേരള സഭ രൂപീകരിച്ചിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിന് വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.<br>കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്ന പോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. |

ലോക കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതു സമ്മതമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ലോക കേരളസഭ അവസരമൊരുക്കുന്നതാണ്.

കേരളത്തിന്റെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അനുഭാവ പൂർണ്ണമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നതാണ്. ലോക കേരള സഭയുടെ സമയം ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുന്നതിലേയ്ക്കായി സഭയുടെ നടപടിക്രമവും സഭയിൽ അവതിരിപ്പിക്കുന്ന രേഖകളും മുൻകൂട്ടി തയ്യാറാക്കി സഭാംഗങ്ങൾക്ക് നല്കുന്നതാണ്. ഐകകണ്ഠ്യേന തീരുമാനമെടുക്കുന്ന രീതിയായിരിക്കും ലോക കേരള സഭ പൊതുവിൽ സ്വീകരിക്കുന്നത്. അഭിപ്രായ സമന്വയം സ്വീകരിക്കുവാൻ അംഗങ്ങളും സഭാ നേതൃത്വവും സെക്രട്ടേറിയറ്റും പരിശ്രമിക്കുന്നതാണ്.

സഭാനടപടികൾ നിയന്ത്രിക്കുന്നത് ബഹു. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഏഴ് അംഗങ്ങളുള്ള പ്രസീഡിയം ആണ്. സഭാ നേതാവ് നിർദ്ദേശിക്കുന്ന ഒരു പാർലമെന്റ് അംഗം, ഒരു നിയമസഭാംഗം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഒരംഗം, ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഒരംഗം, യൂറോപ്പിൽ നിന്ന് ഒരംഗം, മറ്റ് രാജ്യങ്ങളിൽ നിന്ന് ഒരംഗവും ഉൾപ്പെടുന്നതാണ് പ്രസീഡിയം

ബി) സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ ഏതു തരത്തിലുള്ള ഇടപെടലാണ് പ്രസ്തുത സഭകൊണ്ട് ലക്ഷ്യമിടുന്നത്;

ബി) സാമ്പത്തിക, സാംസ്കാരിക രംഗങ്ങൾ ഉൾപ്പെടെ കേരളത്തിന്റെ വികസന പ്രശ്നങ്ങൾ എന്തൊക്കെ നിലയിലുള്ളതാണെന്നും അവയുടെ പരിഹാരത്തിന് പ്രവാസികൾക്ക് ഇനിയും എന്തൊക്കെ നിലയിൽ പങ്കാളികളാകാൻ സാധിക്കുമെന്നും ചർച്ച ചെയ്തുകൊണ്ട് സഭയിൽ ഉയർന്നു വരുന്ന കാഴ്ചപ്പാടുകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്ന നിലയിലുള്ള ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

സി) പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്ന മുഖ്യമായ ആശയങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമെന്നും ഇവ പരിഗണിക്കുന്നതിനായി സർക്കാരിന്റെ ഇടപെടൽ ഏതു വിധത്തിലായിരിക്കുമെന്നും വ്യക്തമാക്കുമോ ?

സി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനു വേണ്ടി ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നല്കുക.
- ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉറപ്പാക്കുക.
- എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കുക.

- പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുക.

- വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചു വന്നവരും മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ • നോർക്കയിൽ രൂപീകരിക്കുക. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാക്കുക. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കുക.

- കേരള വികസന നിധി രൂപീകരിക്കുക. നിശ്ചിത തുകയുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവെയ്പ്പായിരിക്കും.

- പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കുക.
- സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിനു മുമ്പ് തന്നെ ആശയ വിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കുക.
- നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക.
- പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം രൂപീകരിക്കുക.

സെക്ഷൻ ഓഫീസർ